തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുമ്പോൾ യോഗ്യതയായി എല്ലാപേർക്കും ഫസ്റ്റ് ക്ലാസ് വേണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച് ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുന്നത് മിക്കവാറും ഉന്നത ബിരുദം നേടുന്നവരും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയിട്ട് വരുന്നവരുമാണ്. ഫസ്റ്റ് ക്ലാസ് നേടാൻ സാധിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പി.എസ്.സി. ജോലിക്ക് അപേക്ഷിക്കാൻ സാധിക്കാത്ത നിലയാണിന്നുള്ളത്. പി.എസ്.സി. ടെസ്റ്റ് നടത്തിയിട്ടാണ് അപേക്ഷകരിൽ നിന്ന് മെറിറ്റടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. പക്ഷേ, പി.എസ്.സി.ക്ക് അപേക്ഷ അയയ്ക്കാൻ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സാധിക്കാത്ത അവസ്ഥയാണുള്ളത്. ഫസ്റ്റ്ക്ലാസ് എന്ന നിബന്ധന വയ്ക്കുന്നതുകൊണ്ടാണ് ഈ അവസ്ഥയുള്ളത്. അതുകൊണ്ട് അതുമാറ്റി യോഗ്യതയിൽ ഇളവുവരുത്തി അപേക്ഷിക്കാനുള്ള അവകാശമെങ്കിലും ഈ ജനവിഭാഗങ്ങൾക്കുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത നിശ്ചയിച്ചിരിക്കുന്നത് All India Council of Technical Education (AICTE) ആണ്. അതനുസരിച്ച് ക്വാളിഫൈയിംഗ് പരീക്ഷയിൽ 60 ശതമാനം മാർക്കാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. ആൾ ഇൻഡ്യാ തലത്തിൽ ഈ നിബന്ധനയാണ് പിൻതുടരുന്നത്. ഓപ്പൺ ക്വാട്ടയിൽ മിനിമം യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി മിനിമം യോഗ്യതയിൽ ഇളവ് നൽകി ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യത്തിന്മേൽ എ.ഐ.സി.റ്റി.ഇ.യുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

മി. ഡെ. സ്പീക്കർ : ശ്രീ. ഇ. എം. അഗസ്തി.....

(3) പെരിയാറിന്റെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്കുള്ള ഭയാശങ്കകൾ

ശ്രീ. ഇ. എം. അഗസ്തി : സർ, മുല്ലപ്പെരിയാർ ഡാം അപകടസ്ഥിതിയിലാണെന്ന റിപ്പോർട്ടുകൾ വന്നതോടെ പെരിയാറിന്റെ ഇരുകരകളിലും താമസിക്കുന്ന ആളുകൾ വളരെ ഭയാശങ്കയിലാണ്. ജനങ്ങളുടെ ഭയാശങ്കകൾ മാറ്റാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യു.ഡി.എഫ്. ഇടുക്കി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു മുന്നിൽ ഇന്ന് ധർണ്ണ നടക്കുകയാണ്. മന്ത്രിയുടെ നിർദ്ദേശാനുസരണം ഡാം സന്ദർശിച്ച വൈദ്യുതി വകുപ്പുമന്ത്രി എസ്. ശർമ്മയും അടുത്ത കാലത്തുണ്ടായ ഭൂചലനത്തെ തുടർന്ന് മുല്ലപ്പെരിയാർ ഡാം അപകടസ്ഥിതിയിലാണെന്ന് അഭിപ്രായപ്പെട്ടതായി പത്രങ്ങളിൽ വായിച്ചറിയാനിടയായി. അതുപോലെ സ്ഥലം സന്ദർശിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. വി. പി. രാമകൃഷ്ണപിള്ള ഈ കാര്യത്തിൽ വ്യക്തമായ ഒരു അഭിപ്രായ പ്രകടനം നടത്തിയതായി കാണുന്നുമില്ല. മുല്ലപ്പെരിയാർ ഡാം അപകട ഭീഷണിയിലാണെന്നും പുതിയ ഡാം നിർമ്മിക്കണമെന്നും ആവശ്യപ്പെട്ട് ഈ ഗവൺമെന്റിനെ പിൻതുണയ്ക്കുന്ന എൽ.ഡി.എഫ്.ന്റെ ഇടുക്കി ജില്ലാ കമ്മിറ്റി ഹർത്താൽ ആചരിക്കുകയുമുണ്ടായി. ഇടുക്കി ജില്ലയിൽ നിന്നുള്ള ബഹുമാനപ്പെട്ട നിയമസഭാ അംഗമായ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. സി. എ. കുര്യൻ ഈ നിയമസഭയ്ക്കകത്തും പുറത്തും പുതിയ ഡാം പണിയണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി. നിയമസഭയുടെ പെറ്റീഷൻ കമ്മിറ്റിയും സ്ഥലം സന്ദർശിച്ചതിനുശേഷം മുല്ലപ്പെരിയാർ ഡാമിന്റെ അപകടസ്ഥിതി പരിഗണിച്ച് 30,000 കോടി രൂപയ്ക്ക് ഡാം ഇൻഷ്വർ ചെയ്യണമെന്ന് റിപ്പോർട്ട് നൽകിയതായി പത്രത്തിൽ നിന്നും വായിക്കാൻ ഇടയായി. ഈ അപകടത്തിലുണ്ടാകുന്ന ദുരന്തങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് പറയുമ്പോൾ തന്നെ ആളുകളിൽ ഭയാശങ്കയുണ്ടായിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെയൊക്കെ അടിസ്ഥാനത്തിൽ പെരിയാറിന്റെ ഇരുകരകളിലും താമസിക്കുന്ന ആളുകൾ വളരെ ഭയാശങ്കയിലാണ്. ഇടുക്കി ജില്ലയിൽപ്പെട്ട കുമളി, വണ്ടിപ്പെരിയാർ, വള്ളക്കടവ്, ചപ്പാത്ത്, ഉപ്പുതറ ഇവിടെയൊക്കെയുള്ള ആളുകൾ അവരുടെ വസ്തുവകകൾ വിറ്റ് മറ്റുസ്ഥലങ്ങളിലേക്ക് രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. മാതാപിതാക്കൾ കുഞ്ഞുങ്ങളെ അന്യസ്ഥലത്തുള്ള ബന്ധുവീടുകളിൽ താമസിപ്പിക്കുന്നു. സ്കൂൾ വിദ്യാഭ്യാസം പോലും മുടങ്ങുന്ന സ്ഥിതി ആ പ്രദേശങ്ങളിലുണ്ടായിരിക്കുന്നു. ഇങ്ങനെ വ്യത്യസ്തമായി ഉണ്ടായിരിക്കുന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്കുണ്ടായിരിക്കുന്ന ഭയാശങ്കകൾ ദൂരീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇന്നലേയും ഈ സഭയിൽ ഉന്നയിച്ചതുപോലെ പുതിയ ഡാം നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ? മുല്ലപ്പെരിയാർ ഡാമിന്റെ അപകട ഭീഷണിയെ സംബന്ധിച്ച് ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണ് ? ജനങ്ങളുടെ ഭയാശങ്ക മാറത്തക്ക രീതിയിൽ ഇതിന് എന്തുനടപടി സ്വീകരിക്കാൻ പോകുന്നു എന്നുള്ളത് അങ്ങ് ഈ സഭയിൽ വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ആദ്യഘട്ടമായി 136 അടിയിൽ നിന്നും 145 അടിയായി ഉയർത്താൻ യോജിക്കണമെന്ന് തമിഴ്നാട് തുടർച്ചയായി ആവശ്യപ്പെട്ട് വരുകയായിരുന്നു. സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം ഡാം ശക്തിപ്പെടുത്തൽ ജോലികൾ നടത്തിയെങ്കിലും കേരള എഞ്ചിനീയർമാർ നടത്തിയ സാങ്കേതിക പഠനം ഡാമിന്റെ സുരക്ഷ സംബന്ധിച്ച് സംശയം പ്രകടിപ്പിച്ചതിന്റെ വെളിച്ചത്തിൽ കേരളം തമിഴ്നാടിന്റെ ആവശ്യം ശക്തമായി തള്ളിക്കളയുകയുണ്ടായി. ഡാമിന്റെ താഴ്ഭാഗത്ത് താമസിക്കുന്ന ആയിരക്കണക്കിന് ആളുകളുടെ ജീവനും സ്വത്തിനും ഉണ്ടായേക്കാവുന്ന ഭീഷണി കണക്കിലെടുത്താണ്

LIBRARY ARCHIVES Kerala Legislative Assembly

ഡാമിനെ നേരിയ തോതിൽപ്പോലും ബാധിക്കാവുന്ന ഒരു ശുപാർശയും അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചത്. മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റാനായി ശ്രീ. സുബ്രഹ്മണ്യം സ്വാമിയും തമിഴ്നാട് ഗവൺമെന്റും ട്രാൻസ്ഫർ പെറ്റീഷനുകൾ ഫയൽ ചെയ്തു. ഈ ട്രാൻസ്ഫർ പെറ്റീഷനുകൾ കോടതി ഇതുവരേയും വിചാരണയ്ക്ക് എടുത്തിട്ടില്ല. ഈ കേസ് വാദിക്കുന്നതിനായി ഇൻഡ്യയിലെ പ്രഗൽഭ അഭിഭാഷകരായ സർവ്വശ്രീ അശോക് ദേശായി, അന്തർജ്ജന, രാജീവ്ധവാൻ എന്നിവരെ കേരളം നിയോഗിച്ചിരിക്കുകയാണ്. കേരളത്തിന്റെ ശക്തമായ എതിർപ്പ് സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുകയുണ്ടായി. തമിഴ്നാട് കേരള മുഖ്യമന്ത്രിമാർ തമ്മിൽ ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് സുപ്രീം കോടതി നിർദ്ദേശിക്കുകയുണ്ടായി. 19-5-2000-ൽ ഡൽഹിയിൽ വിളിച്ചുചേർത്ത യോഗത്തിൽ ഇക്കാര്യത്തിൽ കേരള സർക്കാരിനുള്ള ഉത്കണ്ഠ കേരളം ശക്തിയുക്തം വെളിപ്പെടുത്തുകയുണ്ടായി. ആയിരക്കണക്കിന് ജനങ്ങളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്ന ഒരു തീരുമാനവും എടുക്കാനാവില്ലെന്നും നിലവിൽ വരുന്ന സാങ്കേതിക കമ്മിറ്റിയുടെ തീരുമാനങ്ങൾ യോജിപ്പോടെയുള്ള ഒന്നാണെങ്കിൽ മാത്രമേ കേരളത്തിന് അംഗീകരിക്കാനാവൂ എന്നും കേരളം തറപ്പിച്ചു പറഞ്ഞു. കേരളത്തിനോട് ആലോചിച്ചേ മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ച് പഠിക്കാനുള്ള സാങ്കേതിക കമ്മിറ്റി രൂപീകരിക്കൂ എന്ന് കേന്ദ്ര ജലവിഭവ മന്ത്രി കേരളത്തിന് ഉറപ്പുതന്നിരുന്നു. എന്നാൽ ഇതിന് വിരുദ്ധമായി ഉത്തർപ്രദേശിലും മറ്റും എഞ്ചിനീയർമാരെ ഉൾപ്പെടുത്തി കേന്ദ്രജലവിഭവ മന്ത്രാലയം ഏകപക്ഷീയമായി ഒരു കമ്മിറ്റിക്ക് രൂപം നൽകി. ഈ തീരുമാനത്തിൽ കേരളത്തിനുള്ള ശക്തമായ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. ഏകപക്ഷീയമായ കമ്മിറ്റി രൂപീകരണത്തെ എതിർത്തുകൊണ്ട് കേന്ദ്ര ജലവിഭവ മന്ത്രിക്ക് മുഖ്യമന്ത്രിയും എഴുതുകയുണ്ടായി. ഇതിനിടെ ഒക്ടോബർ 10, 11 തീയതികളിൽ ഈ സാങ്കേതിക കമ്മിറ്റി മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുകയുണ്ടായി. കേരളത്തെ പ്രതിനിധീകരിച്ച് ശ്രീ. എം. കെ. പരമേശ്വരൻ നായരും മറ്റുദ്യോഗസ്ഥരും പങ്കെടുത്തു. കേരളത്തിന്റെ പ്രതിനിധി ശ്രീ. പരമേശ്വരൻ നായരും കമ്മിറ്റിയിലെ മറ്റംഗങ്ങളും ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് വിയോജിപ്പുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. കേരളത്തിന്റെ ഇക്കാര്യത്തിലുള്ള സാങ്കേതികമായ അഭിപ്രായ വ്യത്യാസങ്ങളും ശക്തമായ എതിർപ്പും കമ്മിറ്റിയിൽ കേരളം ഉന്നയിക്കുകയുണ്ടായി. സുപ്രീംകോടതിയിൽ നിലവിലുള്ള കേസ് നടത്തിപ്പിന്റെ നയരൂപീകരണത്തിനായി ഒരു കാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരികയാണ്. ഇതിനിടെ സുപ്രീംകോടതിയിൽ കേരളം മൂന്നോളം സത്യവാങ്മൂലങ്ങൾ സമർപ്പിക്കുകയുണ്ടായി. അതിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഇപ്പോഴത്തെ 136 അടിയിൽ നിന്നുയർത്തിയാലുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, വനം-വന്യജീവികൾക്കുണ്ടാവുന്ന വംശനാശം, പെരിയാർ തീരവാസികളായ ജനങ്ങൾക്കുണ്ടാകാവുന്ന പ്രശ്നങ്ങൾ എന്നിവ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമും അത് സ്ഥിതിചെയ്യുന്ന പ്രദേശവും 1972-ലെ വന്യജീവി സംരക്ഷണ നിയമം ക്ലാസ് 26, സെക്ഷൻ 2 പ്രകാരം വന്യജീവി ആവാസ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയിൽപ്പെട്ടതാണ്. ആയതിനാൽ പ്രസ്തുത ആക്ടിന് വിരുദ്ധമായി യാതൊരു പ്രവൃത്തിയും ആ പ്രദേശത്ത് നടത്താൻ അനുവാദമില്ല. മാത്രമല്ല, 1980-ലെ വനംസംരക്ഷണനിയമം സർക്കാർ നടപ്പിലാക്കിയതുതന്നെ വനനശീകരണവും തുടർന്നുണ്ടാകുന്ന പരിസ്ഥിതി അസന്തുലിതാവസ്ഥയും തടയുന്നതിനാണ്. 1979-ൽ തന്നെ ഡാമിലെ ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തിയതിനാൽ, അതിനുമുമ്പ് വെള്ളത്തിനടിയിലായിരുന്ന പ്രദേശം പ്രകൃത്യാ തന്നെ വന മേഖലയായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. ആ മേഖല ഇപ്പോൾ വന്യമൃഗങ്ങളുടെ ആവാസ മേഖലയാണ്. ആയതിനാൽ ജലനിരപ്പ് 136 അടിയിൽനിന്നും ഉയർത്തിയാൽ പ്രസ്തുത വനമേഖലയും വന്യജീവികളും നശിക്കുകയും അതിന്റെ ഫലമായി പരിസ്ഥിതി അസന്തുലിതാവസ്ഥയ്ക്ക് കാരണമാവുകയും ചെയ്യുമെന്ന് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. ജനാധിപത്യ ക്രമമനുസരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് ഒരു തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമയാകയാൽ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന ഒരു നടപടിയേയും അനുകൂലിക്കാൻ സർക്കാരിനാവില്ലെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അടുത്തകാലത്തുണ്ടായ ഭൂചലനങ്ങളുടെ ആഘാതം സംബന്ധിച്ച് പഠിച്ചശേഷമേ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനത്തിലെത്താവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഭരണപരമായും നിയമപരമായും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(4) ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന മലയാളികളെ സഹായിക്കാൻ അവിടത്തെ ഇൻഡ്യൻ എംബസിയുടെ കീഴിൽ ലെയ്സൺ ഓഫീസറെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും തൊഴിൽ മേഖലയിലും നിർണ്ണായകമായ പങ്ക് വഹിക്കുന്നവരാണ് വിദേശ മലയാളികൾ. ഗൾഫിലേയും സൗദിയിലേയും മലയാളികൾ വർഷങ്ങളായി ഉന്നയിക്കുന്ന ആവശ്യങ്ങൾക്ക് പരിഹാരം കാണുവാൻ ഇന്നുവരെ സാധിച്ചിട്ടില്ല. വളരെ പ്രതീക്ഷയോടുകൂടി വിദേശത്ത് ജോലിക്കെത്തുന്ന മലയാളികൾ പലപ്പോഴും വഞ്ചിക്കപ്പെടാറുണ്ട്. എഗ്രിമെന്റ് പ്രകാരം പറഞ്ഞ ശമ്പളം കിട്ടാതെ കഷ്ടപ്പെടുകയാണ് മലയാളികൾ. അവരിൽ ഏറ്റവും കൂടുതൽ കേരളീയരാണ്. ഉറപ്പു നല്കിയിരുന്ന വേതനം കിട്ടാതെ ലേബർ ക്യാമ്പുകളിൽ 7-ഉം 8-ഉം 9-ഉം വർഷങ്ങളായി അവർ വിഷമിക്കുകയാണ്. അതുപോലെ തന്നെ പറഞ്ഞ തൊഴിൽ നൽകാതെ മറ്റ് ജോലികൾ ചെയ്യിക്കുന്നതിന്റെ ഫലമായി വളരെയധികം ആളുകൾ വിഷമിക്കുന്നു. ജയിലുകളിൽ ധാരാളം മലയാളികൾ തടങ്കലിലാണ്. ഡെഡ്ബോഡി പോലും വിട്ടുകിട്ടുന്നതിനായി പലപ്പോഴും നമ്മുടെ ആളുകൾക്ക് സാധിക്കുന്നില്ല. എംബസികളിലും കൺസലേറ്റുകളിലും ഉത്തരേന്ത്യക്കാരായ ഉദ്യോഗസ്ഥൻമാരാണ് സെക്രട്ടറിമാരും ഉദ്യോഗസ്ഥന്മാരും. മലയാളികളുടെ ആവശ്യങ്ങൾക്കും രോദനങ്ങൾക്കും പലപ്പോഴും ഉത്തരം ലഭിക്കാറില്ല. ഈ സാഹചര്യത്തിൽ ഗൾഫ് മേഖലയായ

LIBRARY ARCHIVES Kerala Legislative Assembly